**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 4861

18.12.2014-ൽ
മറുപടിയ്ക്ക്

**അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എന്നാണ് വർക്ക് ടെൻഡർ ചെയ്തത്; കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി എന്നാണ് സ്വീകരിച്ചത്; പിന്നീട് വർക്ക് ടെൻഡർ ചെയ്തോ; എത്ര പ്രാവശ്യം ചെയ്തു; ഏത് വർഷത്തെ നിരക്കിലാണ് വർക്ക് ടെൻഡർ ചെയ്തത്; | (എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് 390 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.<br><br>11.01.2010-ൽ വർക്ക് ടെണ്ടർ ചെയ്തു. 16.11.2013-ൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. പിന്നീട് രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവർത്തി ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതു കാരണം കൊട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 2009 എസ്.ഒ.ആർ പ്രകാരമാണ് വർക്ക് ടെണ്ടർ ചെയ്തത്. |
| (ബി) റിസ്ക് ആന്റ് കോസ്റ്റിൽ മുൻ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത സ്ഥിതിക്ക് ഏറ്റവും പുതിയ നിരക്കിൽ വർക്ക് ടെൻഡർ ചെയ്യുന്നതിന് നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് വർക്ക് ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക്, അംഗീകാരം നൽകി പുതിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ